(ബി) സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റിന്റെ ചെയർമാൻ പദവി രാജിവച്ചിട്ടില്ല.

(സി) തുഞ്ചൻമെമ്മോറിയൽ ട്രസ്റ്റിന്റെ ചെയർമാൻ പദവിയുടെ കാലാവധി. 26-2-2001 ലെ സർക്കാർ ഉത്തരവ് (എം. എസ്.) 14/2001/സിഎഡി പ്രകാരം 5 വർഷമാണ്.

ഏകീകൃത ദേവസ്വം ബോർഡ് രൂപീകരണം

68 (1122) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുഴുവൻ ക്ഷേത്രങ്ങളുടെയും ഭരണം ഏകീകരിക്കുന്നതിനായി "ഏകീകൃത ദേവസ്വം ബോർഡ്" രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഏകീകൃത ദേവസ്വം ബോർഡ് രൂപീകരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശങ്ങളോ വിധിയോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഏകീകൃത ദേവസ്വം ബോർഡ് രൂപീകരണം ക്ഷേത്ര ഭരണങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചട്ടങ്ങളുടെയും പിൻതുടർന്നുവരുന്ന സമ്പ്രദായങ്ങളുടെയും ഏകീകരണത്തിനും മെച്ചപ്പെട്ട സാമ്പത്തിക മാനേജ്മെന്റിനും വഴിതെളിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് ഏകീകൃത ദേവസ്വം ബോർഡ് നിലവിൽ വരികയാണെങ്കിൽ എച്ച്.ആർ.ആൻഡ് സി. ഇ. വകുപ്പ് ഏകീകൃത ദേവസ്വം ബോർഡിന് കീഴിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി & സി) മലബാറിലെ ദേവസ്വങ്ങൾക്കുവേണ്ടി ഒരു ദേവസ്വം ബോർഡും, തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകൾക്കായി ഒരു ഏകീകൃത ബോർഡും രൂപീകരിക്കുന്ന കാര്യം പരിഗണിക്കണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് ഇതു സംബന്ധിച്ച് ഒരു ബിൽ സഭയിൽ അവതരിപ്പിച്ചിരുന്നു. സഭ അത് പൊതു ജനാഭിപ്രായത്തിന് വിടുകയുണ്ടായി. ഏകീകൃത ബോർഡിനെതിരെ വ്യാപകമായ എതിർപ്പ് ഉണ്ടായതിനാൽ ആ ബിൽ പിന്നീട് പരിഗണിക്കുകയുണ്ടായില്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly